24471
18/11/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി. വിഭാഗ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ)നം.125/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 16.11.2017.

---

പരാമർശം:
1. സ. ഉ. (എം.എസ്)നം. 50/2009/പ.ജ.പ.വ.വി.വ, തീയതി 02.07.2009.
2. സ. ഉ. (എം.എസ്)നം. 10/2014/പി.സ.വി.വ, തീയതി 23.05.2014.
3. സ. ഉ. (പി)നം. 04/2016/പ.ജ.പ.വ.വി.വ, തീയതി 23.07.2016.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിനകത്തുള്ള പഠനം എന്ന വിഭാഗത്തിൽ D (i) പിരിവ് പ്രകാരം സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ, സർക്കാർ ഏജൻസി / യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിരുന്നു.

2. പരാമർശം 2 -ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ പ്രൊഫഷണൽ കോളേജുകളിലും മറ്റും പ്രവേശനത്തിന് വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ അധികരിക്കരുതെന്ന വ്യവസ്ഥയിൽ മറ്റർഹ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് തുല്യമായ ആനുകൂല്യം ഒ.ബി.എച്ച്. വിഭാഗത്തിലെ 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും അനുവദിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിലവിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആനുകൂല്യം അനുവദിക്കുന്നുണ്ട്. എന്നാൽ എം.ബി.ബി.എസ് / ബി.ഡി.എസ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് ഘടനയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ നിലവിലുള്ള ബജറ്റ് വിഹിതം ഉപയോഗിച്ച് മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നതിന് ടി തുക അപര്യാപ്തമാകയാൽ, ഇക്കാര്യം പഠിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് താഴെപറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - ചെയർമാൻ
ii. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - അംഗം

(.......2)

iii. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറി - അംഗം

iv. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി - അംഗം

v. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി - അംഗം

4. സമിതി യോഗം ചേർന്ന് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ**
**ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്